പാഠം 13

# സ്വർഗ്ഗവും വിദ്യാഭ്യാസവും നിത്യതയിലെ പഠനവും

## ശബ്ബത്ത് സായാഹ്നം

**ഈ ആഴ്ചയിലെ പഠനത്തിനായി വായിക്കുക: യോഹന്നാൻ 3:16; 1 യോഹന്നാൻ 5:13; 1 തിമൊഥെയൊസ് 1:16; 1 കൊരിന്ത്യർ 13:12; സെഖര്യാവ് 13:6.**

**മനഃപാഠവാക്യം: "ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കിയിട്ടുള്ളത് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല" (1 കൊരിന്ത്യർ 2:9).**

മരണത്തെ ഭയപ്പെട്ടിരുന്ന ഒരു കവി പ്രഭാതമെന്ത്, മരണമെന്ത്, നാശമെന്ത്, കല്ലറയ്ക്കപ്പുറമുള്ള അവസ്ഥയെന്ത് എന്നുറപ്പില്ലാതെ ഒരു വ്യക്തിക്ക് എങ്ങനെ ജീവിക്കാനാവുമെന്ന് ചോദിച്ചു. അവൻ തന്റെ പദ്യത്തിൽ അവൻ I PH എന്നു വിളിച്ച ഒരു കാര്യം ഉൾപ്പെടുത്തി, IPH എന്നാൽ Institute of Preparation for the Hereafter (മരണാനന്തര ജീവിതത്തിനായുള്ള തയ്യാറെടുപ്പ്). എന്നിരുന്നാലും എങ്ങനെയാണ് ഒരുവന് അതിൽ എന്താണ് ഭവിക്കുന്നതെന്നറിയാതെ അതിനായി ഒരുങ്ങാൻ കഴിയുക?

ഭാഗ്യവശാൽ, നിത്യതയിലുടനീളം നാം ചെയ്യാൻ പോകുന്ന പഠനം ജീവിതം, പുതിയ ഭൂമി, സ്വർഗ്ഗം എന്നിവയെക്കുറിച്ച് വേദപുസ്തകം നമുക്കു വലിയ ഉൾക്കാഴ്ച നൽകുന്നു. നാം ക്വാർട്ടറിലുടനീളം കണ്ടതുപോലെ IPH ഇപ്പോൾ ഇവിടെയുണ്ട്, ഈ ജീവിതത്തിൽ, നമ്മുടെ വിദ്യാഭ്യാസത്തിലെല്ലാം – പഠനമേഖല ഏതുതന്നെ ആയാലും – നമ്മെ ആ "മരണാനന്തര"ത്തിലേക്കു തയ്യാറാക്കുകയായിരിക്കണം.

എന്തുതന്നെ ആയാലും, ഏതൊരു പാഠശാലയ്ക്കും ധാരാളം നല്ല അറിവ് നൽകാനാകും ധാരാളം നല്ല പ്രായോഗികവും സഹായകവുമായ അറിവ്. എന്നാൽ ഒരു വ്യക്തി എല്ലാ അറിവും നേടിയിട്ടും നിത്യജീവൻ നഷ്ടമാക്കുന്നെങ്കിൽ പിന്നെ എന്തു പ്രയോജനം? ഈയാഴ്ചയിൽ നാം പ്രചോദനം എന്താണ് ആ അന്തിമമായ ബിരുദപാഠശാലയെക്കുറിച്ച് പറയുന്നത് എന്നു നോക്കാൻ പോകയാണ്, എന്നെന്നേക്കും ഉണ്ടാകുവാൻ പോകുന്ന പാഠശാല, അവിടെ നാം നിത്യതയിലുടനീളം പഠിക്കയും വളരുകയും ആയിരിക്കും. മരണാനന്തരമുള്ള ഈ പാഠശാലയിൽ, ഇന്നത്തെ ലോകത്തിൽ നമുക്ക് ഭാവന ചെയ്യാൻ പോലുമാകാത്ത കാര്യങ്ങൾ നാം പഠിക്കും.

***ഈ ആഴ്ചയിലെ പാഠം പഠിച്ച് ഡിസംബർ 26 ശബ്ബത്തിനുവേണ്ടി നമുക്ക് ഒരുങ്ങാം...***

## മരിച്ചവരുടെ വിധി (അവസ്ഥ)

1600 കളിൽ ബ്ളെയിസ് പാസ്കൽ എന്ന ഫ്രഞ്ച് എഴുത്തുകാരൻ മനുഷ്യരുടെ അവസ്ഥയെക്കുറിച്ച് ചിന്തിക്കുകയായിരുന്നു. അവന് ഒരു കാര്യം വ്യക്തമായിരുന്നു,ഒരു മനുഷ്യൻ എത്രകാലം ജീവിച്ചാലും (ആ കാലങ്ങളിൽ അവർ അധികനാൾ ജീവിച്ചിരുന്നില്ല) അവന്റെ ജീവിതം എത്ര നല്ലതായിരുന്നാലും (ആ സമയത്ത് ജീവിതവും അത്ര കേമമായിരുന്നില്ല) ഉടനെയോ പിന്നീടോ ആ വ്യക്തി മരിക്കാൻ പോകുകയായിരുന്നു.

പാസ്കൽ പറഞ്ഞതിൽ ഒരു വസ്തുത ഉണ്ടായിരുന്നു. അതിൽ സംശയമൊന്നുമില്ല അതുകൊണ്ടാണ് യേശുവിൽ രക്ഷ കണ്ടെത്തിയവർക്കായി കാത്തിരിക്കുന്ന വാഗ്ദത്തത്തെക്കുറിച്ചു സംസാരിക്കാൻ വേദപുസ്തകം വളരെയധികം സമയം ചിലവഴിക്കുന്നത്. അവരെ ഭാവിയിൽ എന്തു കാത്തിരിക്കുന്നു എന്ന വാഗ്ദത്തം.

**തുടർന്നുള്ള വാക്യങ്ങൾ വായിക്കുക. എന്തു പ്രത്യാശയാണ് നമുക്കു നൽകപ്പെട്ടിരിക്കുന്നത്? യോഹന്നാൻ 6:54; 3:16; 1 യോഹന്നാൻ 5:13; 1 തിമൊഥെയൊസ് 1:16; യോഹന്നാൻ 4:14; 6:40; യൂദാ 1:21; തീത്തൊസ് 3:7.**

ക്രൂശിന്റെ വെളിച്ചത്തിൽ നിത്യജീവൻ വളരെ യുക്തമാണ്; ക്രൂശിന്റെ വെളിച്ചത്തിൽ, നിത്യജീവനല്ലാതെ മറ്റൊന്നും യുക്തമല്ല. പ്രപഞ്ചത്തിന്റെ സ്രഷ്ടാവ്, "ലോകത്തെ ഉണ്ടാക്കിയവൻ" (എബ്രായർ 1:2), "അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത്" (അ.പ്ര. 17:28). അവൻ, ദൈവം, ജഡത്തിൽ അവതരിക്കയും ജഡത്തിൽ മരിക്കയും.... എന്തിനു വേണ്ടി? നാം ആത്യന്തികമായി റോഡപകടത്തിൽ എന്നപോലെ അഴുകാനോ?

ആയതിനാലാണ് പുതിയനിയമം നിത്യജീവന്റെ വാഗ്ദത്തങ്ങളുമായി വരുന്നത്. കാരണം നിത്യജീവൻ മാത്രമേ പൂർവ്വസ്ഥിതിയിലാക്കൽ ഉറപ്പാക്കുന്നുള്ളൂ. ഒരു ദശലക്ഷം വർഷങ്ങളോ ഒരു ശതലക്ഷം വർഷങ്ങളോ പോലും, ചീത്തയായതിനു പകരം വെക്കാൻ ആവശ്യമായ നല്ല നിമിഷങ്ങൾ ഉണ്ടാകില്ല. നിത്യതയ്ക്കു മാത്രമേ സകലതിനെയും സന്തുലിതാവസ്ഥയിലാക്കാനാകൂ, പിന്നീട് ചിലതിന്, കാരണം അനന്തമായത് പരിമിതിയുള്ളതിനെക്കാൾ അധികമാണ്, അത് അനന്തമായിത്തന്നെ.

പാസ്കൽ പറഞ്ഞത് ശരിയായിരുന്നു: വരുവാനുള്ളതിന് വിരുദ്ധമായി ഇവിടെയുള്ള നമ്മുടെ സമയം വളരെ പരിമിതമാണ്. നമുക്കായി കാത്തിരിക്കുന്ന നിത്യതയ്ക്കായി ഒരുങ്ങാതിരിക്കുന്നത് എത്ര മൗഢ്യമാണ്.

**മരണശേഷം എന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ച് തികഞ്ഞ അവഗണന കാണിക്കുന്ന ഒരാളോട് നിങ്ങൾ എന്തു പറയും? അപ്രകാരമുള്ള ഒരു നിലപാട് യഥാർത്ഥത്തിൽ എത്ര യുക്തിക്കു നിരക്കാത്തതാണ് എന്നു കാണുന്നതിന് ആ വ്യക്തിയെ നിങ്ങൾക്ക് എങ്ങനെ സഹായിക്കാൻ കഴിയും?**

## ഒരു പുതിയ നിലനില്പ്

**“അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഉണ്ടാകയില്ല” (വെളിപ്പാട് 21:4,5). നമ്മുടെ പുതിയ നിലനില്പ് ഈ ലോകത്തിൽനിന്ന് എത്ര വ്യത്യസ്തമായിരിക്കും എന്നതിനെക്കുറിച്ച് ഇതു നമ്മോട് എന്തു പറയുന്നു? വേദനയും ദുഃഖവും മരണവും ഇല്ലാത്ത നിലനില്പ്?**

______________________________

______________________________

സുവിശേഷത്തിന്റെ പ്രത്യാശയെപ്പറ്റി ഒരു ക്രിസ്ത്യാനി ഒരു സുഹൃത്തിനോട് സംസാരിക്കുകയായിരുന്നു, യേശുക്രിസ്തുവിലൂടെയുള്ള നിത്യജീവന്റെ വാഗ്ദത്തം. ആ ആശയത്തോട് മൊത്തമായി ആ വ്യക്തി നിഷേധാത്മകമായി പ്രതികരിച്ചു. “നിത്യ ജീവനോ?” പേടിച്ചു വിറച്ചുകൊണ്ട് അവൻ പറഞ്ഞു, “എത്ര ഭയാനകമായ ചിന്ത! ഇവിടെയുള്ള നമ്മുടെ എഴുപത് എൺപത് വർഷങ്ങൾതന്നെ ദുരിതം നിറഞ്ഞതാണ്. ആരാണ് ഇതിനെ നിത്യതയോളം നീട്ടാൻ ആഗ്രഹിക്കുക? അതു നരകമായിരിക്കും.”

ഈ വ്യക്തി പറഞ്ഞതിൽ ഒരു കാര്യമുണ്ട്, നിത്യതയ്ക്കുള്ള വാഗ്ദത്തം ഇവിടെയുള്ള ജീവിതത്തിന്റെ വെറും തുടർച്ചയല്ല എന്നതൊഴിച്ചാൽ ദയവായി- ആരാണ് അത് ആഗ്രഹിക്കുക? പകരം, മുകളിലുള്ള വാക്യം പറയുംപോലെ, പഴയതെല്ലാം കഴിഞ്ഞുപോയി, എല്ലാം പുതുതാക്കപ്പെട്ടിരിക്കുന്നു.

വരുവാനുള്ള പുതിയ നിലനില്പിനെക്കുറിച്ച് തുടർന്നുള്ള വാക്യങ്ങൾ നമ്മോട് എന്തു പറയുന്നു?

2 പത്രൊസ് 3:10-13

______________________________

______________________________

വെളിപ്പാട് 21:1-6

______________________________

______________________________

**ഇതിലെല്ലാം നമുക്കുള്ള പ്രധാന ചോദ്യം: ഈ പുതിയ നിലനില്പിന്റെ ഭാഗമായി ത്തീരാൻ എന്തു വേണ്ടിവരും? നാം എങ്ങനെയാണ് അവിടെ എത്തിച്ചേരുക? നാം അതിന്റെ ഭാഗമാകാൻ പോകയാണെന്നു നമുക്ക് എങ്ങനെ ഉറപ്പാക്കാം? യേശുവിലൂടെ ദൈവം നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നതിന് എതിരായി നമ്മുടെ ജീവിതത്തിൽ എന്തു കാര്യങ്ങളാണ് ഉള്ളത്, എന്തെങ്കിലും ഉണ്ടോ?**

______________________________

______________________________

______________________________

______________________________

## അപ്പോൾ നാം അറിയും

“സ്വർഗ്ഗം ഒരു പാഠശാലയാണ്; അതിന്റെ പഠനവിഷയം, ഈ പ്രപഞ്ചം; അതിന്റെ ഗുരു, ആ നിത്യനായകൻ. ഈ പാഠശാലയുടെ ഒരു ശാഖ ഏദെനിൽ സ്ഥാപിക്കപ്പെടുകയും, രക്ഷാപദ്ധതി സാദ്ധ്യമാക്കയും ചെയ്തു. ഏദെൻ വിദ്യാലയത്തിൽ പിന്നെയും വിദ്യാഭ്യാസം നടത്തപ്പെടും”- Ellan G. White, Education, p. 301.

നിങ്ങൾ മിക്കവരെയും പോലെ ആണെങ്കിൽ, നിങ്ങൾക്ക് അനേകം ചോദ്യങ്ങൾ ഉണ്ട്- പാപത്തെക്കുറിച്ചുള്ള ചോദ്യങ്ങൾ, കഷ്ടത, രോഗം, മരണം എന്നിവയെക്കുറിച്ചും, ഇത് എന്തുകൊണ്ടു സംഭവിച്ചു, അത് എന്തുകൊണ്ടു സംഭവിച്ചു, മറ്റു കാര്യങ്ങൾ എന്തുകൊണ്ടു സംഭവിച്ചു തുടങ്ങിയവ. നമുക്ക് ഭൗതിക ലോകത്തെക്കുറിച്ചും അതിന്റെ സകല മർമ്മങ്ങളെക്കുറിച്ചും ചോദ്യങ്ങളുണ്ട്. ശാസ്ത്രത്തിന്റെ അവിശ്വസനീയമായ പുരോഗതി ലോകത്തെക്കുറിച്ച് കൂടുതലായും പ്രപഞ്ചത്തെ മൊത്തമായും മനസ്സിലാക്കുന്നതിൽ നമ്മെ സഹായിച്ചിട്ടുണ്ടെങ്കിലും, വളരെയധികം ഇപ്പോഴും നമ്മുടെ ഗ്രാഹ്യത്തിനും അപ്പുറമാണ്.

ഏറ്റവും ലളിതമായ ജീവ-രൂപങ്ങൾ മുതൽ തലയ്ക്കു മീതെയുള്ള ആകാശം വരെ ഉപാണുകണങ്ങളുടെ ചലനം മുതൽ പ്രപഞ്ചമാകെ ചിതറിക്കിടക്കുന്ന ചുറ്റിക്കറങ്ങുന്ന താരസമൂഹങ്ങൾ വരെ, ഇപ്പോൾ നമ്മുടെ മനസ്സുകൾക്ക് ഗ്രഹിക്കാവുന്നതിലും ആഴത്തിലുള്ളതും വളരെ വലിയതുമായ ഒരു യാഥാർത്ഥ്യത്തെ നാം അഭിമുഖീകരിക്കുകയാണ്, പ്രത്യേകിച്ച് നമുക്ക് ഇപ്പോൾ ഇവിടെയുള്ള അല്പ സമയവും ഇതെല്ലാം തന്നെ സ്വയമായി പഠിക്കേണ്ട അവസ്ഥയും.

മറുഭാഗത്ത്, നിങ്ങൾക്ക് പഠിക്കാനായി ഒരു നിത്യത മുഴുവനുള്ളപ്പോൾ, അനേക മർമ്മങ്ങൾക്ക് നമുക്കു തീരുമാനമുണ്ടാകും എന്നതിൽ സംശയമൊന്നുമില്ല.

അന്ത്യത്തിൽ മരണത്തിന്റെയും കഷ്ടപ്പാടിന്റെയും പാപത്തിന്റെയും എല്ലാം സങ്കടകരമായ ഉപകഥ അവസാനിക്കുമ്പോൾ നാം എന്തു പഠിക്കും എന്നതിനെക്കുറിച്ച് തുടർന്നുള്ള വാക്യങ്ങൾ എന്തു പറയുന്നു?

1 കൊരിന്ത്യർ 13:12; 1 കൊരിന്ത്യർ 4:5

ഇപ്പോൾ നമുക്കു മറവായിരിക്കുന്ന കാര്യങ്ങളെക്കുറിച്ചു നമ്മെ മനസ്സിലാക്കിത്തരും എന്ന് നമുക്കു വാഗ്ദത്തം നൽകപ്പെട്ടിട്ടുണ്ട്. എത്ര അതിശയകരമായ പ്രത്യാശയും ഇപ്പോൾ വളരെ ബുദ്ധിമുട്ടായി തോന്നുന്ന കാര്യങ്ങൾ നാം കാണുകയും മനസ്സിലാക്കുകയും ചെയ്യും, നമുക്ക് ദൈവത്തിനായി സ്തുതിയല്ലാതെ യാതൊന്നും ഉണ്ടാകില്ല! ഇപ്പോൾ നമുക്ക് സുപ്രധാനമായിട്ടുള്ളത് വിശ്വാസം മുറുകെപ്പിടിക്കുക, ദൈവത്തിന്റെ വാഗ്ദത്തങ്ങളിൽ ആശ്രയിക്ക, നമുക്കു ലഭിച്ചിട്ടുള്ള വെളിച്ചത്തിനൊത്തു ജീവിക്കുകയും അന്ത്യത്തോളം സഹിച്ചുനില്ക്കയും ചെയ്ക. നല്ല വാർത്തയാകട്ടെ “എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു” (ഫിലിപ്പിയർ 4:13) എന്നതാണ്.

**എന്തു കടുത്ത ചോദ്യങ്ങളാണ് നിങ്ങളുടെ ഹൃദയത്തെ ഭാരപ്പെടുത്തുന്നത്? എന്തു കാര്യങ്ങളാണ് ഇപ്പോൾ തീരെ മനസ്സിലാകാത്തതായി തോന്നുന്നത്? നിങ്ങൾക്ക് മനസ്സിലാകുന്ന കാര്യങ്ങളിൽ ദൈവത്തെ ആശ്രയിക്കാൻ പഠിക്കുന്നത് എങ്ങനെയാണ് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലാക്കാത്തതിനെ സഹായിക്കുക?**

## മരണാനന്തര ജീവിതത്തിലുള്ള പാഠശാല

**"നൊടിനേരത്തേക്കുള്ള ഞങ്ങളുടെ ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. കാണുന്നതിനെ അല്ല, കാണാത്തതിനെ അത്രേ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താത്ക്കാലികം, കാണാത്തതോ നിത്യം" (2 കൊരിന്ത്യർ 4:17,18).**

**ഈ വാക്യങ്ങൾ നമുക്ക് എന്തു പ്രത്യാശ നൽകുന്നു? യേശുവിലൂടെ നമുക്ക് വാഗ് ദത്തം ചെയ്യപ്പെട്ട, നാം കാത്തിരിക്കുന്നതായ കാണപ്പെടാത്ത നിത്യകാര്യങ്ങളിൽ ചിലത് എന്തായിരിക്കും? വെളിപ്പാട് 21:1,2; 2:7; 7:14-17 ഉം കാണുക.**

യേശുവിൽ നമുക്ക് നൽകപ്പെട്ടിരിക്കുന്ന വാഗ്ദത്തങ്ങൾ എത്ര യഥാർത്ഥമാണെങ്കിലും, അവയിൽ വിശ്വസിക്കുന്നതിനു നമുക്ക് എത്ര നല്ല കാരണങ്ങളുണ്ടായാലും വേദപുസ്തകം നാം കാത്തിരിക്കുന്നതിനായി നമുക്ക് വെറും സൂചനകൾ, ക്ഷണിക ദർശനങ്ങൾ മാത്രമേ നൽകുന്നുള്ളൂ എന്ന വസ്തുത അവശേഷിക്കുന്നു. എന്നിരുന്നാലും, നമുക്ക് ഉറപ്പാക്കാവുന്ന ഒരു കാര്യം, അതു മഹത്വകരമായിരിക്കും എന്നതാണ്, കാരണം പാപത്തിന്റെ തകർത്തു തരിപ്പണമാക്കൽ ഇല്ലാത്ത ഒരു നിലനില്പിൻ ജീവിതം എത്ര മഹത്വകരമാണെന്നു ചിന്തിക്കുക!

നമ്മുടെ സകല വേദനയും, നമ്മുടെ സകല കഷ്ടപ്പാടും, നാം ഇവിടെ പോരാട്ടത്തിലായിരിക്കുന്ന സകല കാര്യങ്ങളും പാപത്തിൽനിന്നും പാപത്തിന്റെ പരിണത ഫലങ്ങളിൽനിന്നുമാണ് വരുന്നത്. ക്രിസ്തു വന്നത് അതെല്ലാം ഇല്ലാതാക്കാനാണ്, പാപം പ്രവേശിക്കുന്നതിനുമുമ്പ് എങ്ങനെയായിരിക്കണമെന്നു ദൈവം ഉദ്ദേശിച്ചുവോ ആ അവസ്ഥയിലേക്ക് അവൻ അതിനെ പുനഃസ്ഥാപിക്കും. വാസ്തവത്തിൽ, അത് മെച്ചപ്പെട്ടതായിരിക്കും, കാരണം ഈ മഹിമകളുടെ എല്ലാം ഇടയിൽ നമുക്ക് എന്നേക്കും യേശുവിന്റെ കൈകളിലെയും കാലുകളിലെയും മുറിപ്പാടുകൾ കാണാൻ കഴിയും, നമ്മുടെ വീണ്ടെടുപ്പിന്റെ വില.

"അവിടെ, നമ്മുടെ കാഴ്ചയെ അന്ധകാരമാക്കുന്ന മൂടുപടം മാറ്റപ്പെടുമ്പോൾ, ഇപ്പോൾ നാം സൂക്ഷ്മദർശിനിയിലൂടെ ക്ഷണികമായി കാണുന്ന ആ സൗന്ദര്യത്തിന്റെ ലോകം നാം നമ്മുടെ കണ്ണുകളാൽ കാണും. ഇപ്പോൾ വിദൂരത്തിൽ ദൂരദർശിനിയിലൂടെ നോക്കിക്കാണുന്നത്. പാപത്തിന്റെ കറുത്ത പാട് മാറ്റപ്പെടുമ്പോൾ, ലോകം മുഴുവൻ "നമ്മുടെ ദൈവമായ കർത്താവിന്റെ മനോഹാരിതയിൽ" പ്രത്യക്ഷപ്പെടും, നമ്മുടെ പഠനത്തിനായി എത്ര,വലിയ മേഖല തുറക്കപ്പെടും! അവിടെ ശാസ്ത്ര വിദ്യാർത്ഥി സൃഷ്ടിപ്പിന്റെ രേഖകൾ വായിച്ച് തിന്മയുടെ ന്യായപ്രമാണത്തിന്റെ യാതൊരു ഓർമ്മപ്പെടുത്തലുകളും വിവേചിച്ചറിയില്ല. അവൻ പ്രകൃതിയുടെ ശബ്ദങ്ങളുടെ സംഗീതം ശ്രവിച്ചേക്കുകയും മുറവിളിയുടേതായ ഒരു സ്വരമോ ദുഃഖത്തിന്റെ പതുക്കെയുള്ള സംസാരമോ കണ്ടെത്താനാകില്ല. സൃഷ്ടിക്കപ്പെട്ട സകലത്തിലും അവൻ ഒരു കയ്യക്ഷരം കണ്ടേക്കാം - വിസ്തൃതമായ പ്രപഞ്ചത്തിൽ ദർശിക്കുന്നത് ദൈവത്തിന്റെ നാമം അധികാരത്തോടെ എഴുതിയിരിക്കുന്നത്, ആകാശത്തിലോ, ഭൂമിയിലോ, കടലിലോ തിന്മയുടെ ഒരു ലക്ഷണം പോലും അവശേഷിക്കില്ല" Ellan G. White, Education, p. 303.

**തികച്ചും പുതിയൊരു ലോകത്തിൽ എന്നെന്നേക്കും ജീവിക്കുന്നത് എങ്ങനെയായിരിക്കുമെന്ന് ഒന്നു സങ്കല്പിച്ചു നോക്കുക, അതൊന്നുമില്ലാതെ ഇവിടെ ജീവിതം വളരെ കഠിനമാണ്. അത് എങ്ങനെ ആയിരിക്കുമെന്ന് നിങ്ങൾ എങ്ങനെ മനസ്സിൽ കാണുന്നു? എന്ത് കാര്യങ്ങൾക്കായാണ് നിങ്ങൾ പ്രത്യേകമായി നോക്കിപ്പാർക്കുന്നത്?**

## ആ വലിയ ഗുരു

നാം ഈ ക്വാർട്ടറിലുടനീളം കണ്ടതുപോലെ, ഇവിടെ ഭൂമിയിൽ ക്രിസ്തുവിന്റെ ശുശ്രൂഷയുടെ ഒരു സുപ്രധാനമായ കാര്യം ഒരു ഗുരുവിന്റേതായിരുന്നു. അവന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ, വാക്കിലൂടെയാണെങ്കിലും പ്രവൃത്തിയിലൂടെയാണെങ്കിലും, യേശു നിരന്തരമായി അവനെക്കുറിച്ച് തന്നെയുള്ളതും, പിതാവിനെക്കുറിച്ചും, രക്ഷയെക്കുറിച്ചും, നമ്മെ കാത്തിരിക്കുന്ന പ്രത്യാശയെക്കുറിച്ചുമുള്ള സത്യങ്ങൾ പഠിപ്പിക്കുകയായിരുന്നു (മത്തായി 5:2; മർക്കൊസ് 4:2; ലൂക്കൊസ് 19:47; യോഹന്നാൻ 6:59 കാണുക). ഇപ്പോഴും, അവന്റെ വചനത്തിലൂടെ, കർത്താവ് നമ്മെ പഠിപ്പിക്കുന്നത് തുടരുന്നുവെങ്കിലും, പുതിയ ലോകത്തിൽ ഈ അധ്യാപനം തുടർന്നുകൊണ്ടേയിരിക്കും. എന്നാൽ പാപത്തിന്റെ ബാധ്യതകളില്ലാത്ത ഒരു നിലനില്പിൽ അത് എത്ര വ്യത്യസ്തമായിരിക്കുമെന്ന് ഭാവന ചെയ്യുക, നമ്മുടെ മേൽ വെക്കുന്ന സകല പരിമിതികളും.

**"എന്നാൽ അവനോട്: നിന്റെ കൈയിൽ കാണുന്ന ഈ മുറിവുകൾ എന്ത് എന്നു ചോദിക്കുന്നതിന് അവൻ: എന്നെ സ്നേഹിക്കുന്നവരുടെ വീട്ടിൽവച്ചു ഞാൻ അടി കൊണ്ടതാകുന്നു എന്ന് ഉത്തരം പറയും" (സെഖര്യാവ് 13:6). ഈ വാക്യം എന്തിനെക്കുറിച്ച് സംസാരിക്കുന്നു എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്?**

നിത്യതയുടെ വർഷങ്ങൾ, അവ കടന്നുപോകുമ്പോൾ, കൂടുതൽ ധന്യമായതും അതിലും കൂടുതൽ മഹത്വകരമായ വെളിപ്പാടുകൾ ക്രിസ്തുവിനെക്കുറിച്ചും ദൈവത്തെക്കുറിച്ചും കൊണ്ടുവരും. ദൈവത്തെക്കുറിച്ച് മനുഷ്യർ കൂടുതൽ പഠിക്കുന്തോറും, അവന്റെ സ്വഭാവത്തെക്കുറിച്ചുള്ള അവരുടെ മതിപ്പും കൂടി വരും. സാത്താനുമായുള്ള വൻപോരാട്ടത്തിലെ വിസ്മയ നേട്ടങ്ങളും വീണ്ടെടുപ്പിന്റെ സമ്പത്തുക്കളും യേശു അവരുടെ മുമ്പിൽ തുറക്കുമ്പോൾ, വിലയ്ക്കുവാങ്ങപ്പെട്ടവരുടെ ഹൃദയങ്ങൾ തീക്ഷ്ണമായ ആരാധനയാൽ ആനന്ദിക്കയും, കൂടുതൽ ആനന്ദത്തോടെ സ്വർണ്ണക്കിന്നരങ്ങൾ മീട്ടുകയും ചെയ്യും, ആയിരമായിരങ്ങളും പതിനായിരം പതിനായിരങ്ങളും ഒത്തുച്ചേർന്ന് സ്തുതിഗാനം ഉച്ചത്തിൽ മുഴക്കും.

"വൻപോരാട്ടം അവസാനിച്ചിരിക്കുന്നു. പാപവും പാപികളും ഇനിമേലില്ല. പ്രപഞ്ചം സമ്പൂർണമായി ശുദ്ധിയായി. ഐക്യത്തിന്റെയും ആനന്ദത്തിന്റെയും ഒരേ മിടിപ്പ് സൃഷ്ടിപ്പിലുടനീളം സ്പന്ദിക്കുന്നു. സകലതിനെയും സൃഷ്ടിച്ചവനിൽനിന്ന്, ആനന്ദവും, വെളിച്ചവും, ജീവനും ഒഴുകുന്നു. ഏറ്റവും ചെറിയ അണു മുതൽ ഏറ്റവും വലിയ ലോകം വരെ, സകലതും, ജീവനുള്ളവയും ജീവനില്ലാത്തവയും, അവരുടെ നിഴലുവീഴാത്ത സൗന്ദര്യത്തിലും സമ്പൂർണ സന്തോഷത്തിലും, ദൈവം സ്നേഹമാണെന്ന് പ്രഖ്യാപിക്കും" - E. G. White, The Great Controvesy, p. 678.

**നിത്യതയിലൂടെ നാം പഠിക്കാൻ പോകുന്ന അവിശ്വസനീയമായ സത്യങ്ങളിൽ എല്ലാറ്റിലുംവച്ച്, നമുക്കു പകരമായുള്ള ക്രിസ്തുവിന്റെ യാഗത്തോളം മറ്റൊന്നും തന്നെ നമ്മെ ആകർഷിക്കുകയില്ല. നാം നിത്യതയിലുടനീളം അത് പഠിക്കുമെന്നതുകൊണ്ടു തന്നെ അത് എത്ര ധന്യവും ആഴത്തിലുള്ളതുമായിരിക്കുമെന്ന് ചിന്തിക്കുക. ഇപ്പോൾപോലും, ക്രൂശിലൂടെ യേശു നമുക്കായി ചെയ്തിട്ടുള്ളതിനെ കൂടുതൽ നന്നായി അംഗീകരിക്കുവാൻ നിങ്ങൾക്ക് എങ്ങനെ പഠിക്കാൻ കഴിയും?**

## കൂടുതൽ ചിന്ത

എലൻ ജി. വൈറ്റിന്റെ Education ൽ "The School of the Hereafter", pp. 301-309- "The Controversy ended", pp. 662-678, "The Great Controversy" എന്നിവ വായിക്കുക.

"ഇവിടെ നാം ഉത്കണ്ഠയോടും ഭയത്തോടും കാണുന്ന സിംഹം, അപ്പോൾ ആട്ടിൻകുട്ടിയോടൊത്ത് കിടക്കും, പുതിയ ഭൂമിയിലുള്ള സകലതും സമാധാനവും ഐക്യവുമായിരിക്കും. യാതൊരു വൈകല്യവും ഇല്ലാതെ നീണ്ടുനിവർന്ന വൃക്ഷങ്ങളായിരിക്കും പുതിയ ഭൂമിയിൽ... നമ്മുടെ ഭൗതിക ലോകത്തിൽ മനോഹരമായതൊക്കെയും നമ്മെ പളുങ്കു നദിയെയും, പച്ചപ്പ് നിറഞ്ഞ വയലുകളെയും, ആടുന്ന മരങ്ങളെയും, ജീവനുള്ള ഉറവകളെയും, മിന്നിത്തിളങ്ങുന്ന നഗരത്തെയും, ശുഭ്രവസ്ത്രധാരികളായ സ്വർഗ്ഗീയ ഗായകരെയും നമ്മെ ഓർപ്പിക്കട്ടെ- മർത്യമായ നാവുകൾക്ക് ഒന്നും വർണിക്കാനാവാത്ത ഒരു ചിത്രകാരനും വരയ്ക്കാനാകാത്ത സൗന്ദര്യത്തിന്റെ ലോകം. നിങ്ങളുടെ ഭാവനയിൽ രക്ഷപ്പെട്ടവരുടെ ഭവനം ഉണ്ടായിരിക്കട്ടെ, അത് നിങ്ങളുടെ ഏറ്റവും തിളക്കമാർന്ന ഭാവനയ്ക്കും അധികമായിരിക്കും എന്ന് ഓർക്കുക" - E. G. White, Heaven, pp. 133,134.

"അതിനെ നമ്മുടെ ഭവനമായി നോക്കിക്കാണേണ്ടതിലേക്ക് നയിക്കേണ്ട അതേ സത്യങ്ങൾ ഭാവി അവകാശം വളരെ ഭൗതീകമായിപ്പോകും എന്ന ഭയത്താൽ അവയെ ആത്മീയവൽക്കരിക്കുന്നതിലേക്ക് അനേകരെ നയിച്ചിട്ടുണ്ട്. പിതാവിന്റെ ഭവനത്തിൽ അവർക്കായി വാസസ്ഥലങ്ങൾ ഒരുക്കാനാണ് അവൻ പോയതെന്ന് ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് ഉറപ്പ് നൽകി. ദൈവത്തിന്റെ വചനത്തിന്റെ പഠിപ്പിക്കലുകൾ അംഗീകരിക്കുന്നവർ സ്വർഗ്ഗീയ വാസസ്ഥലത്തെക്കുറിച്ച് പൂർണ്ണമായി അജ്ഞരായിരിക്കില്ല... നീതിമാന്മാർക്കുള്ള പ്രതിഫലം വർണിക്കുവാൻ മനുഷ്യഭാഷ അപര്യാപ്തമാണ്. അത് ദർശിക്കുന്നവർക്ക് മാത്രമേ അറിയാനാകൂ. ഒരു പരിമിത മനസ്സിനും ദൈവത്തിന്റെ പറുദീസയുടെ മഹത്വം ഗ്രഹിക്കാനാകില്ല" - E. G. White, The Great Controversy, pp. 674,675.

**ചർച്ചയ്ക്കുള്ള ചോദ്യങ്ങൾ**

1. **നിത്യജീവനായുള്ള പ്രത്യാശ നമ്മുടെ വിശ്വാസത്തിന് എന്തുകൊണ്ട് അത്രമേൽ പ്രധാനമാണെന്ന് കൂടുതലായി ചിന്തിക്കുക. അതില്ലാതെ, നമുക്ക് വാസ്തവത്തിൽ എന്തുകൊണ്ടാണ് ഒന്നുമില്ലാതിരിക്കുന്നത്? പാസ്കൽ ഉന്നയിച്ച കാര്യത്തെക്കുറിച്ച് ദീർഘമായി സംസാരിക്കുക.**
2. **ഭൗതിക ലോകത്തിൽ നിലനില്ക്കുന്ന സകല അവിശ്വസനീയ മർമ്മങ്ങളെക്കുറിച്ചും ചിന്തിക്കുക. അത് ജീവശാസ്ത്രമോ, ഭൂഗർഭശാസ്ത്രമോ, ജ്യോതിശാസ്ത്രമോ, ഊർജ്ജതന്ത്രമോ, രസതന്ത്രമോ ആകട്ടെ - സകല മേഖലകളിലും സകലതും മനുഷ്യർ ആദ്യം ചിന്തിച്ചതിനെക്കാൾ കൂടുതൽ സങ്കീർണമായി വന്നുചേരുന്നു. ഉദാഹരണത്തിന്, ശാസ്ത്രജ്ഞന്മാർ ഇപ്പോൾ "ലളിത-ജീവരൂപങ്ങളെ" കുറിച്ച് സംസാരിക്കാറില്ല, കാരണം ഏറ്റവും ലളിതമായ ജീവ-രൂപങ്ങൾ പോലും കാണുന്നതുപോലെ അത്ര ലളിതമല്ല. ഓരോ പുതിയ കണ്ടെത്തലുകളും, ഓരോ പുതിയ കണ്ടുപിടിത്തങ്ങളും, ഉത്തരം നൽകേണ്ട കൂടുതൽ ചോദ്യങ്ങൾ നമുക്ക് മുമ്പിൽ തുറക്കുകയാണ്. മരണാനന്തര പാഠശാലയിൽ നാം എത്രയധികം പഠിക്കുമെന്ന് മനസ്സിലാക്കുവാൻ ഇതെല്ലാം നമ്മെ എങ്ങനെ സഹായിക്കുന്നു?**